# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1187 — 03.12.2015 ൽ മറുപടിക്ക്

### സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണത്തിനായി ഏത് രീതിയിലുള്ള സഹായമാണ് സർക്കാർ നൽകി വരുന്നത്; | (എ) പ്രീ പ്രൈമറി, പ്രൈമറി, അപ്പർ പ്രൈമറി വിഭാഗത്തിനു കുട്ടി ഒന്നിനു സ്കൂൾ പ്രവൃത്തിദിവസം യഥാക്രമം 30 ഗ്രാം, 100 ഗ്രാം, 150 ഗ്രാം എന്നീ നിരക്കിൽ ഒരു മാസത്തേക്ക് ആവശ്യമായ അരി മുൻകൂറായി ബന്ധപ്പെട്ട മാവേലി സ്റ്റോർ മുഖേന സ്കൂൾ കുട്ടികൾക്ക് നൽകി വരുന്നു. കുട്ടികൾക്ക് പോഷകസമൃദ്ധമായ ആഹാരം പാചകം ചെയ്തു നൽകുന്നതിനു കുട്ടി ഒന്നിനു സ്കൂൾ പ്രവൃത്തി ദിനത്തിൽ 5/- രൂപ നിരക്കിൽ മുൻകൂറായി സ്കൂൾ പ്രഥമ അധ്യാപകർക്കു നൽകുന്നു. കൂടാതെ ആഹാരം പാചകം ചെയ്തു വിതരണം ചെയ്യുന്നതിനു പാചക കൂലി ഇനത്തിൽ പാചക തൊഴിലാളിക്ക് സ്കൂൾ പ്രവൃത്തിദിനത്തിനു മിനിമം 350/- രൂപ മുതൽ പരമാവധി 400/- രൂപ വരെ അനുവദിച്ചു നൽകുന്നുണ്ട്. |
| (ബി) പച്ചക്കറികളുടെയും പലവ്യഞ്ജനങ്ങളുടെയും വില വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് ഉച്ചക്കഞ്ഞി വിതരണത്തിനുള്ള സഹായത്തിന് അനുവദിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) പച്ചക്കറി, പലവ്യഞ്ജനം എന്നിവയുടെ വിലവർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണ വിതരണം ചെയ്യുന്നതിനു അനുവദിച്ചിട്ടുള്ള വിഹിതത്തിൽ വർദ്ധനവു വരുത്തേണ്ടതുണ്ടെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ഈ പദ്ധതിക്കായുള്ള നിരക്ക് ഏറ്റവും ഒടുവിൽ നിശ്ചയിച്ച് നൽകിയത് എന്നാണ്; | (സി) സർക്കാർ ഉത്തരവ് (സാധാ) നം. 3661/12/പൊ.വി. തീയതി 01.08.2012 പ്രകാരമാണ് ഏറ്റവും ഒടുവിൽ നിരക്കുകൾ നിശ്ചയിച്ചത്. |
| (ഡി) ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അവശ്യവസ്തുക്കളുടെ വില വർദ്ധനവിന് ആനുപാതികമായ നിരക്ക് വർദ്ധിപ്പിച്ച് യും | (ഡി) സ്കൂൾ ഉച്ചഭക്ഷണവിതരണത്തിനു ആവശ്യമായ ഫണ്ട് ആറു മാസത്തേക്ക് മുൻകൂറായിട്ടാണ് സ്കൂൾ പ്രഥമ അധ്യാപകർക്ക് നൽകി |

നൽകാത്തത് പല സ്കൂളുകളിലെയും പ്രധാന അദ്ധ്യാപകർക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഇ) എങ്കിൽ അവശ്യ സാധനങ്ങളുടെ നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായി വർദ്ധനവ് നടത്തി ഈ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

(ഇ) യും വരുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു. അതിനാൽ സ്കൂൾ പ്രഥമ അധ്യാപകർക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതായിട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എങ്കിലും നിരക്ക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ